**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6655** **11-11-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആശ്വാസകിരണം പദ്ധതിയുടെ വിശദാംശം നല്കാമോ; | (എ) | (എ) തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ടി പദ്ധതി 2010-ലാണ് ആരംഭിച്ചത്. ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം 2019 മുതൽ 2021 മാർച്ച് വരെ എത്രപേർക്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | (ബി) ആശ്വാസകിരണം പദ്ധതി പ്രകാരം 2019 മുതൽ 2021 മാർച്ച് വരെയുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം ഗുണഭോക്താക്കളുടെ എണ്ണം 2019-20 113717 2020-21 114188 |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
2. മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
3. വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി.പി.എൽ റേഷൻകാർഡ്/ വില്ലേജാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
4. അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ടമാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
5. വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റുക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അപക്ഷകൾ വനിതാ ശിശുവികസന വകുപ്പിലെ സി ഡി പി ഒ, സൂപ്പർവൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ/ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.